REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-12-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **തദ്ദേശ തെരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിൽ മികച്ച പോളിംഗ്. ഏഴ് ജില്ലകളിൽ 76.08 ശതമാനം പേർ വോട്ട് ചെയ്തു. വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ സന്ദർശനത്തിന് തിങ്കളാഴ്ച യാത്ര തിരിക്കും.**
- **കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആറ് സംസ്ഥാനങ്ങളിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ സമയക്രമം പുതുക്കി നിശ്ചയിച്ചു.**
- **കേരള ചലച്ചിത്ര അക്കാദമിയുടെ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്തു തുടക്കമാകും.**
- **നടിയെ ആക്രമിച്ച കേസിൽ ആറ് പ്രതികളുടെ ശിക്ഷാവിധി ഇന്ന്.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം ട്വന്റി 20 ക്രിക്കറ്റിൽ ഇന്ത്യക്ക് 51 റൺസിന്റെ പരാജയം.**

## വാർത്തകൾ വിശദമായി

തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇന്നലെ മികച്ച പോളിംഗ്. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ 76.08 ശതമാനം പേർ വോട്ട് ചെയ്തു. അവസാന കണക്കുകൾ വരുമ്പോൾ ഇതിൽ നേരിയ മാറ്റം ഉണ്ടായേക്കും. ആദ്യ ഘട്ടത്തിൽ 70.91 ശതമാനമായിരുന്നു പോളിംഗ്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്..........

വയനാട്ടിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം. 78.32. ഏറ്റവും കുറവ് തൃശൂർ ജില്ലയിൽ -72.48 ശതമാനം.

കാസർകോട് ജില്ലയിൽ 74.84 ശതമാനവും, കണ്ണൂരിൽ 76.77 ശതമാനവും, പോളിംഗ് രേഖപ്പെടുത്തി. പാലക്കാട്ട് 76.27 ശതമാനവും, കോഴിക്കോട്ട് 77.24 ശതമാനവും, മലപ്പുറത്ത് 77.38 ശതമാനവും പോളിംഗ് ഉണ്ടായി.

കോർപ്പറേഷനുകളിൽ, കോഴിക്കോട്ട് 69.55 ശതമാനവും കണ്ണൂരിൽ 70.33 ശതമാനവും, തൃശൂരിൽ 62.45 ശതമാനവുമാണ് പോളിംഗ് നടന്നത്.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും. സംസ്ഥാനത്ത് ആകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വോട്ടെണ്ണൽ, ബ്ലോക്ക് തല കേന്ദ്രങ്ങളിലും, മുനിസിപ്പാലിറ്റികളുടെയും, കോർപ്പറേഷനുകളുടേയും വോട്ടുകൾ അതത് സ്ഥാപനങ്ങളിലും എണ്ണും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......വോയ്സ്........

ജില്ലാ പഞ്ചായത്തുകളിലെ പോസ്റ്റൽ ബാലറ്റുകൾ കലക്ടറേറ്റുകളിൽ ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിലായിരിക്കും എണ്ണുന്നത്. മറ്റ് പോസ്റ്റൽ ബാലറ്റുകൾ അതാത് വരണാധികാരികളുടെ ടേബിളിലും എണ്ണും. പോസ്റ്റൽ ബാലറ്റുകൾ എണ്ണിയ ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണി തുടങ്ങും. ഇതിനായി ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെ കൺട്രോൾ യൂണിറ്റുകൾ മാത്രമായിരിക്കും സ്ട്രോങ്ങ് റൂമുകളിൽനിന്ന് ടേബിളുകളിൽ എത്തിക്കുന്നത്.

കൺട്രോൾ യൂണിറ്റിൽനിന്ന് ആദ്യം ഗ്രാമപഞ്ചായത്ത് സ്ഥാനാർഥികളുടെ വോട്ടുനില ലഭിക്കും. തുടർന്ന്, ബ്ലോക്ക്പഞ്ചായത്ത് സ്ഥാനാർഥികളുടെയും ജില്ലാപഞ്ചായത്ത് സ്ഥാനാർഥികളുടെയും വോട്ടുവിവരം കിട്ടും. ഓരോ കൺട്രോൾ യൂണിറ്റിലെയും ഫലം അപ്പോൾ തന്നെ കൗണ്ടിങ് സൂപ്പർവൈസർ രേഖപ്പെടുത്തി വരണാധികാരിക്ക് നൽകും. ഓരോ വാർഡിലേയും പോസ്റ്റൽ ബാലറ്റുകളും എല്ലാ ബൂത്തുകളിലെയും വോട്ടുകളും എണ്ണിത്തീരുന്ന മുറയ്ക്ക് വരണാധികാരികൾ ഫലപ്രഖ്യാപനം നടത്തും. ഓരോ ബൂത്തും എണ്ണിത്തീരുമ്പോൾ വോട്ടുനില ട്രെൻഡ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യും. ലീഡ് നിലയും ഫലവും തത്സമയം അറിയാനാകും.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അവസാനിച്ച സാഹചര്യത്തിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പ്രചാരണത്തിന് പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആവശ്യപ്പെട്ടു. മാറ്റാത്ത പ്രചാരണ സാമഗ്രികൾ തദ്ദേശസ്ഥാപനങ്ങൾ നീക്കം ചെയ്ത്, അതിന്റെ ചിലവ് സ്ഥാനാർഥികളിൽ നിന്ന് ഈടാക്കി അവരുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

വോട്ടെണ്ണൽ ദിവസമായ നാളെ എല്ലാ ട്രഷറികളും തുറന്ന് പ്രവർത്തിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി. ഫലപ്രഖ്യാപനം പൂർത്തിയായ ശേഷം സുരക്ഷിതമായി സൂക്ഷിക്കേണ്ട തെരഞ്ഞെടുപ്പ് രേഖകൾ ട്രഷറി സ്ട്രോങ് റൂമുകളിൽ സൂക്ഷിക്കുന്നതിന് വേണ്ടിയാണ് നടപടി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ സന്ദർശനത്തിന് തിങ്കളാഴ്ച യാത്ര തിരിക്കും. ആദ്യ ഘട്ടത്തിൽ, ജോർദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ ബിൻ അൽ ഹുസൈന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി ജോർദാൻ സന്ദർശിക്കും.

16 ന് പ്രധാനമന്ത്രി എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലിയുടെ ക്ഷണപ്രകാരം എത്യോപ്യ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ ആദ്യ എത്യോപ്യൻ സന്ദർശനമാണിത്.

17 ന് ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി ഒമാനിലെത്തും.

✪✪✪

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആറ് സംസ്ഥാനങ്ങളിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ സമയക്രമം പുതുക്കി നിശ്ചയിച്ചു. തമിഴ്നാട്, ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ആന്റമാൻ നിക്കോബാർ എന്നിവിടങ്ങളിലെ പട്ടിക പരിഷ്കരണത്തിനാണ് അധിക സമയം നൽകിയത്. തദ്ദേശ തെരഞ്ഞെടുപ്പിന്റെ സാഹചര്യത്തിൽ നേരത്തെ കേരളത്തിന് ഈ മാസം 18 വരെ അധിക സമയം അനുവദിച്ചിരുന്നു.

തമിഴ്നാടും ഗുജറാത്തും മറ്റന്നാളോടെ പരിഷ്കരണം പൂർത്തിയാക്കണം. കരട് പട്ടിക 19ന് പ്രസിദ്ധീകരിക്കണം.

മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ആൻ്റമാൻ നിക്കോബാർ എന്നിവിടങ്ങളിൽ 18 വരെ സമയം അനുവദിച്ചു. പട്ടികയുടെ കരട് 23നാണ് പ്രസിദ്ധീകരിക്കേണ്ടത്. ഉത്തർപ്രദേശിൽ ഈ മാസം 26 ആണ് പുതുക്കലിന് നിശ്ചയിച്ച അവസാന തിയതി. ഈ മാസം 31ന് കരട് പ്രസിദ്ധീകരിക്കണം. ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ അഭ്യർത്ഥന പ്രകാരമാണ് സമയം പുതുക്കി നിശ്ചയിച്ചത്.

കേരളത്തിൽ കരട് പട്ടിക ഈ മാസം 23നും അന്തിമ പട്ടിക ഫെബ്രുവരി 14നും പ്രസിദ്ധീകരിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് 6 വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 76 ലക്ഷത്തോളമായെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 99.1 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 24 ലക്ഷത്തിന് മുകളിലാണ്. ഫോമുകൾ മടക്കി നൽകാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

കോവിഡ് ഡ്യൂട്ടിക്കിടെ മരിച്ച എല്ലാ ഡോക്ടർമാരുടെയും കുടുംബങ്ങൾക്ക് പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജനയിൽ 50 ലക്ഷം രൂപയുടെ ഇൻഷുറൻസ് ലഭിക്കുമെന്ന് സുപ്രീംകോടതി വിധിച്ചു. സ്വകാര്യ ഡോക്ടർമാരെ ഇൻഷുറൻസ് ആനുകൂല്യത്തിൽ നിന്ന് ഒഴിവാക്കിയ ബോംബെ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി.

✪✪✪

ഈ മാസം മൂന്ന് മുതൽ അഞ്ച് വരെ ഇൻഡിഗോ വിമാനസർവീസുകളിൽ യാത്ര തടസ്സപ്പെട്ടവർക്ക് 10,000 രൂപയുടെ വൗച്ചറുകൾ നൽകുമെന്ന് ഇൻഡിഗോ അറിയിച്ചു. ഭാവി യാത്രകൾക്ക് ഉപയോഗിക്കാവുന്ന വൗച്ചറിന് 12 മാസം കാലാവധിയുണ്ട്. ഇതിന് പുറമെ യാത്ര തടസ്സപ്പെട്ടവർക്ക് ഗവൺമെന്റ് മാർഗ നിർദേശ പ്രകാരം 5,000 രൂപ മുതൽ 10,000 രൂപ വരെ നഷ്ടപരിഹാരവും നൽകുമെന്ന് എയർലൈൻസ് അറിയിച്ചു.

✪✪✪

തദ്ദേശീയമായി രൂപകല്പന ചെയ്ത് നിർമ്മിച്ച ഡൈവിംഗ് സപ്പോർട്ട് കപ്പൽ DSC-A20 ഈ മാസം 16ന് നാവിക സേന കൊച്ചിയിൽ കമ്മീഷൻ ചെയ്യും. ദക്ഷിണ നാവിക കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന കമ്മീഷനിംഗ് ചടങ്ങിന് നേതൃത്വം നൽകും.

കൊൽക്കത്തയിലെ ടിറ്റാഗഡ് റെയിൽ സിസ്റ്റംസ് ലിമിറ്റഡാണ് ക്രാഫ്റ്റ് നിർമ്മിച്ചത്. നാവിക മേഖലയിലെ സ്വയം പര്യാപ്തതയ്ക്കും മെയ്ക്ക് ഇൻ ഇൻഡ്യ സംരംഭത്തിനും മികച്ച ഉദാഹരണമാണ് DSC-A20 എന്ന് രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു.

✪✪✪

കേരള ചലച്ചിത്ര അക്കാദമിയുടെ 30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്തു തുടക്കമാകും. മന്ത്രി സജി ചെറിയാൻ നിശാഗന്ധി ഓഡിറ്റോറിയത്തിൽ മേളയ്ക്ക് തിരി തെളിയിക്കും. ചടങ്ങിൽ സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം കനേഡിയൻ ചലച്ചിത്രകാരി കെല്ലി ഫൈഫ് മാർഷലിന് മന്ത്രി സമ്മാനിക്കും. സംവിധായകൻ ഷാജി N കരുണിനെ കുറിച്ച് എഴുതിയ കരുണയുടെ ക്യാമറയും മന്ത്രി പ്രകാശനം ചെയ്യും. സിനിമാ രംഗത്ത് 50 വർഷം പൂർത്തിയാക്കിയ സംവിധായകൻ രാജീവ് നാഥിനെ ചടങ്ങിൽ ആദരിക്കും. ഉദ്ഘാടന ചടങ്ങിൽ ചിലി സംവിധായകൻ പാബ്ലോ ലാറോ ആണ് മുഖ്യാതിഥി.

ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി M പള്ളുരുത്തി.

....വോയ്സ്....

മേളയുടെ ആദ്യ ദിനത്തിൽ 11 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ആൻ മേരി ജാസിർ സംവിധാനം ചെയ്ത പലസ്തീൻ 36 ആയിരിക്കും ഉദ്ഘാടന ചിത്രം. ഡിസംബർ 19 വരെയുള്ള എട്ടു ദിവസങ്ങളിലായി 16 തീയ്യറ്ററുകളിലായി 82 രാജ്യങ്ങളിൽ നിന്നുള്ള 206 ചിത്രങ്ങളാവും പ്രദർശിപ്പിക്കുക. മുപ്പതാം പതിപ്പായതിനാൽ മുൻ വർഷത്തേക്കാൾ മുപ്പതോളം ചിത്രങ്ങൾ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര മൽസര വിഭാഗത്തിൽ 14 ചിത്രങ്ങളും മലയാള സിനിമ ഇന്ന് എന്ന വിഭാഗത്തിൽ 12 ചിത്രങ്ങളും പ്രദർശിപ്പിക്കും. ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഏഴു ചിത്രങ്ങളാവും മേളയിലുണ്ടാകുക.

✪✪✪

കൊച്ചി-മുസിരിസ് ബിനാലെ ആറാം പതിപ്പിന് ഇന്ന് തുടക്കമാവും. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 'ഫോർ ദ ടൈം ബീയിങ് ' എന്നതാണ് ഇത്തവണത്തെ പ്രമേയം. നിഖിൽ ചോപ്രയാണ് ക്യൂറേറ്റർ. 25 രാജ്യങ്ങളിൽ നിന്ന് 66 ആർട്ടിസ്റ്റ് പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2026 മാർച്ച് 31 നാണ് ബിനാലെ സമാപനം.

✪✪✪

നടിയെ ആക്രമിച്ച കേസിൽ കുറ്റക്കാരായി കണ്ടെത്തിയ ആറ് പ്രതികളുടെ ശിക്ഷാവിധി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ഇന്ന് പ്രഖ്യാപിക്കും. കൂട്ടബലാത്സംഗം, ഗൂഢാലോചന എന്നിവയടക്കം 10 കുറ്റങ്ങളിൽ ഒന്നു മുതൽ ആറ് വരെ പ്രതികൾ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. എട്ടാം പ്രതി നടൻ ദിലീപ് ഉൾപ്പെടെ നാലു പ്രതികളെ വിചാരണ കോടതി കുറ്റവിമുക്തരാക്കിയിരുന്നു.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം ട്വന്റി 20 ക്രിക്കറ്റിൽ ഇന്ത്യക്ക് 51 റൺസിന്റെ പരാജയം. 214 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ 162 റൺസിന് എല്ലാവരും പുറത്തായി. നേരത്തെ നാല് വിക്കറ്റിന് ദക്ഷിണാഫ്രിക്ക 213 റൺസെടുത്തിരുന്നു. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ ഇരു ടീമുകളും ഓരോ വിജയം നേടി തുല്യത പാലിക്കുകയാണ്.

✪✪✪

ഏഷ്യാകപ്പ് അണ്ടർ-19 ക്രിക്കറ്റ് മത്സരം ഇന്ന് ദുബൈയിൽ തുടങ്ങും. രാവിലെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ ആതിഥേയരായ UAE-യെ നേരിടും. ഇന്ത്യൻ സമയം പത്തരയ്ക്കാണ് മത്സരം. ആയുഷ് മാത്രെ ക്യാപ്റ്റനായ ഇന്ത്യൻ ടീമിൽ തരംഗമായ വൈഭവ് സൂര്യവംശിയും ഉൾപ്പെടുന്നു. ഞായറാഴ്ച ഇന്ത്യ, പാകിസ്ഥാനെ നേരിടും.

✪✪✪

ദ ലോ ട്രസ്റ്റിന്റെ 11-ാമത് ജസ്റ്റിസ് VR. കൃഷ്ണയ്യർ പുരസ്കാരം മുൻ കേരള ഗവർണ്ണറും, സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായിരുന്ന ജസ്റ്റിസ് P.സദാശിവത്തിന് തിരുവനന്തപുരുത്ത് മറ്റന്നാൾ രാവിലെ സമ്മാനിക്കും. ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറാണ് പുരസ്കാരം കൈമാറുന്നത്. 50,000 രൂപയും ജസ്റ്റിസ് കൃഷ്ണയ്യരുടെ ചിത്രം ആലേഖനം ചെയ്ത ശിൽപ്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. ചടങ്ങിൽ കേരള ഹൈക്കോടതി ജഡ്ജിമാരായ N. നഗരേഷ്, K ബാബു, A ബദറുദീൻ എന്നിവരടക്കം പ്രമുഖർ പങ്കെടുക്കും.

✪✪✪

ശബരിമല മണ്ഡലപൂജയ്ക്ക് വെർച്ച്വൽ ക്യൂ ബുക്കിംഗ് ഇന്നലെ വൈകിട്ട് ആരംഭിച്ചു. ഈ മാസം 26,27 തിയതികളിലെ ബുക്കിങ്ങാണ് ഇന്നലെ തുടങ്ങിയത്. 26ന് 30,000 പേർക്കും 27ന് 35,000 പേർക്കും വെർച്ച്വൽക്യൂവിലൂടെ സ്ലോട്ടുകൾ ബുക്ക് ചെയ്യാം. സ്പോട്ട് ബുക്കിംഗ് വഴി 5,000 പേർക്ക് വീതവും ഈ ദിവസങ്ങളിൽ ദർശനാവസരം നൽകും.

✪✪✪

നിരൂപണസാഹിത്യത്തെ സ്വതന്ത്ര അസ്തിത്വത്തോടെ നിരൂപണകലയാക്കിയ പ്രവർത്തനങ്ങളാണ് KP അപ്പൻ നടത്തിയതെന്ന് CPIM ജനറൽ സെക്രട്ടറി MA. ബേബി അഭിപ്രായപ്പെട്ടു. കൊല്ലം ശ്രീനാരായണ കോളേജ് മലയാളവിഭാഗം സംഘടിപ്പിച്ച KP. അപ്പൻ അനുസ്മരണ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. KP അപ്പൻ ചെയറും MA. ബേബി ഉദ്ഘാടനം ചെയ്തു.

✪✪✪

ഇന്ന് വൈക്കത്തഷ്ടമി. അഷ്ടമി ദർശനത്തിന് പടിഞ്ഞാറേ നട ഒഴികെ മൂന്ന് നടകളിൽ കൂടിയും ഭക്തരെ അകത്തേക്ക് പ്രവേശിപ്പിക്കുന്നുണ്ട്. അഷ്ടമിയോടനുബന്ധിച്ചു പൊലീസ് ശക്തമായ സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്.

✪✪✪

*News Editor & News Reader : അനിൽ ചന്ദ്രൻ,*
*NRTs: സബിത കെ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*